പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1224

06/02/2020-ൽ
മറുപടിയ്ക്ക്

# സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാമോ; | (എ) എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ നേരിട്ട് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. പരിശോധനയിൽ സുരക്ഷിതമല്ലായെന്നു കാണുന്ന കെട്ടിടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുകയോ ആയതിൽ ക്ലാസ്സുകൾ നടത്തുവാൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു. പുതിയ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യതവണ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും പിന്നീടുള്ള വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ചും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് 'ഫിറ്റ്നസ്' സാക്ഷ്യപ്പെടുത്തി വരുന്നു. |
| (ബി) സാങ്കേതിക വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓഫീസർമാർ എന്നിവർ വിശദമായി പരിശോധിക്കാതെയാണ് | (ബി) സാങ്കേതിക വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ / ഓഫീസർമാർ വിശദമായി പരിശോധിച്ചതിന് ശേഷമാണ് സർക്കാർ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇപ്രകാരം |

| | |
|---|---|
| സർക്കാർ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുള്ളതെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | പരിശോധന നടത്താതെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സുൽത്താൻ ബത്തേരി സർവജന ഗവൺമെന്റ് സ്കൂളിൽ പൊതുമരാമത്ത് വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ ഉദ്യോഗസ്ഥർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി സ്കൂൾ സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) സുൽത്താൻ ബത്തേരി സർവജന ഗവൺമെന്റ് സ്കൂളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി സ്കൂൾ സന്ദർശിക്കുകയും 20/05/2019-ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടി സ്കൂളിന് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) പരിശോധിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് സുൽത്താൻ ബത്തേരി സർവ്വജന ഗവൺമെന്റ് സ്കൂളിന് 2019-20 അദ്ധ്യയന വർഷത്തിൽ 'ഫിറ്റ്നസ് ' സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ആയതിനാൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധമില്ല. |

Namitha P

**സെക്ഷൻ ഓഫീസർ**